കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - MLA- ADS - 2014-15- ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ' **നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ അകപറമ്പ് ഗ്രൗണ്ടിൽ ഫുട്ബോൾ ഗാലറി നിർമ്മാണം** ' എന്ന പ്രവൃത്തിയ്ക്ക് അനുവദിച്ച ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.311/2026/LSGD തീയതി,തിരുവനന്തപുരം, 05-02-2026

---

പരാമർശം:-

1) 18.04.2015-ലെ സ.ഉ.(സാധാ.) നം.1173/2015/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ്
2) 04.08.2018-ലെ സ.ഉ.(അച്ചടി ) നം.119/2018/ധന.സർക്കാർ ഉത്തരവ്
3) 09.10.2023-ലെ സ.ഉ.(അച്ചടി ) നം.104/2023/ധന.സർക്കാർ ഉത്തരവ്
4) 19.09.2024-ലെ സ.ഉ.(സാധാ.) നം.232/2024/കാ.യു സർക്കാർ ഉത്തരവ്
5) 07.12.2024-ലെസ.ഉ.(സാധാ.) നം.9076/2024/ധന.സർക്കാർ ഉത്തരവ്
6) എറണാകുളം ജില്ലാ കളക്ടറുടെ 06.01.2025-ലെ LSGD/JD/EKM/7243/2024-F2-നമ്പർ കത്ത്

ഉത്തരവ്

എറണാകുളം നെടുമ്പാശ്ശേരി പഞ്ചായത്തിലെ അകപ്പറമ്പ് ഗ്രൗണ്ടിൽ ഫുട്ബോൾ ഗാലറി നിർമ്മിക്കുന്നതിനായി ആലുവ നിയോജകമണ്ഡലം എം.എൽ.എയുടെ 2014-15 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും പരാമർശം (1) പ്രകാരം, 55.00 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടി പ്രവൃത്തി നാളിതുവരെയായിട്ടും ആരംഭിച്ച് പൂർത്തീകരിച്ചിരുന്നില്ല. തുടർന്ന് നെടുമ്പാശ്ശേരി പഞ്ചായത്തിലെ അകപ്പറമ്പിലെ ഇതേ ഗ്രൗണ്ടിൽ **ഗാലറിയുൾപ്പെടെയുള്ള സ്ഥലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വിഹിതം നല്കണമെന്ന വ്യവസ്ഥയോടെ** സ്പോർട്ട് കേരള ഫൗണ്ടേഷന്റെ **'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം'** എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. നിർദ്ദിഷ്ട കളിക്കളം നിർമ്മാണത്തിൽ ഗാലറി കൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പരാമർശം (1) പ്രകാരം ലഭിച്ച 55 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദാക്കി, ടി തുക സ്പോർട്ട്സ് കേരള ഫൗണ്ടേഷന് പദ്ധതി വിഹിതമായി നല്കുന്നതിനുള്ള അനുമതി നൽകണമെന്ന് ആലുവ എം.എൽ . എ. കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി റദ്ദാക്കിയും, സ്പോർട്ട് കേരള ഫൗണ്ടേഷന്റെ **' ഒരു പഞ്ചായത്തിൽ ഒരു കളിക്കളം'** എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും പരാമർശം (3) പ്രകാരമുള്ള Operating Procedure (SOP) മാനദണ്ഡത്തിന് വിധേയമായി 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) സ്പോർട്ട്സ് കേരള ഫൗണ്ടേഷന് പദ്ധതി വിഹിതമായി നൽകുന്നതിന് പരാമർശം (2) ഉത്തരവിൽ ഇളവ് വരുത്തി പരാമർശം (5) പ്രകാരം പ്രത്യേകാനുമതി നൽകുന്നതിന് ഉത്തരവായിരുന്നു

2) പരാമർശം ( 5) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2014-15 ആസ്തി വികസന ഫണ്ടിൽ നിന്നും നെടുമ്പാശ്ശേരി പഞ്ചായത്തിലെ അകപറമ്പ് ഗ്രൗണ്ടിൽ ഫുട്ബോൾ ഗാലറി നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (6) പ്രകാരം എറണാകുളം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2014-15 ആസ്തി വികസന ഫണ്ടിൽ നിന്നും നെടുമ്പാശ്ശേരി പഞ്ചായത്തിലെ അകപറമ്പ് ഗ്രൗണ്ടിൽ ഫുട്ബോൾ ഗാലറി നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയ ഇതേ ഗ്രൗണ്ടിൽ **ഗാലറിയുൾപ്പെടെയുള്ള സ്ഥലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വിഹിതം നൽകണമെന്ന വ്യവസ്ഥയോടെ** സ്പോർട്ട് കേരള ഫൗണ്ടേഷന്റെ **'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം'** എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നതിന്റെ അടിസ്ഥാനത്തിലും, പരാമർശം (3) പ്രകാരമുള്ള Operating Procedure (SOP) മാനദണ്ഡത്തിന് വിധേയമായി 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) സ്പോർട്ട്സ് കേരള ഫൗണ്ടേഷന് പദ്ധതി വിഹിതമായി നൽകുന്നതിന് പരാമർശം (2) ഉത്തരവിൽ ഇളവ് വരുത്തി പരാമർശം (5) പ്രകാരം പ്രത്യേകാനുമതി പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും നിർദ്ദിഷ്ട കളിക്കളം നിർമ്മാണത്തിൽ ഗാലറി കൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പരാമർശം (1) പ്രകാരം അനുവദിച്ച് 55 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. ശ്രീ അൻവർ സാദത്ത് എം.എൽ.എ, ഊലിക്കര ഹൗസ്,പരമ്പയം, നെടുമ്പാശ്ശേരി, പി.ഒ എറണാകുളം (anwarsadath@niyamasabha.nic.in)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്.(U.O. Note No. 2912407/NC-B3/127/2024-Fin dated 01.12.2025)
6. ജില്ലാ കളക്ടർ, എറണാകുളം.
7. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
8. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
9. കരുതൽ ഫയൽ.(DB2/33/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 06-02-2026 12:17:17

സെക്ഷൻ ഓഫീസർ